

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ബി.പി.1/1238/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 07/10/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3.ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.റ്റി.വി.എം/ ബി.പി.1/1238/2024 തീയ്യതി: 07/10/2024

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ))ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഹരികുമാർ.ജി.	ജോയിന്റ് ഡയറക്ടർ	24-06-2024	27-06-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
24-06-2024	27-06-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. മനേഷ് ബി.എച്ച്. ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)
ശ്രീ. അഭിജിത്ത് ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ശ്രീജിത്ത് എസ്.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. അൻവർരാജ് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി റീന ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാജു എസ്. ഓഡിറ്റർ

ശ്രീ. രഞ്ജിത്ത് സി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അമ്പിളി.വി	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ. സുരേഷ് കുമാർ.കെ.എസ്	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ. അമ്പിളി.എം.കെ.	സൂപ്രണ്ട്- താലൂക്ക് ഹോമിയോ ആശുപത്രി	01-04-2023	31-03-2024
ശ്രീമതി ഉഷ സ്റ്റീഫൻ	ശിശു വികസന പദ്ധതി ഓഫീസർ	01-04-2023	31-03-2024
ശ്രീ. സുരേഷ് കുമാർ.കെ.എസ്.	സെക്രട്ടറി	01-04-2023	31-03-2024
ശ്രീമതി നീരജ.ആർ.കെ.	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി ശ്രീകല.എസ്.	പട്ടികജാതി വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീ. ചാരുമിത്രൻ.കെ.	കൃഷി അസിസ്റ്റന്റ് ഡയറക്ടർ	01-04-2023	31-03-2024
ശ്രീ.ബിജു.വി.ഒ.	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീമതി അഞ്ജന.സി.എസ്.	വ്യവസായ വികസന ഓഫീസർ	01-04-2023	31-03-2024
ശ്രീമതി രശ്മി.ആർ.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2023	29-09-2023
ശ്രീമതി ദീപ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ചാർജ്)	30-09-2023	08-10-2023
ശ്രീ. മനോജ് കുമാർ.എം.എസ്.	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	09-10-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.	1-1-2
4	അഡ്വാൻസ് തുകകളെ സാധൂകരിക്കുന്ന രേഖകളോ രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.	1-1-3
5	വാർഷിക ധനകാര്യ പത്രിക - മറ്റ് അപാകങ്ങൾ	1-1-4
6	ബജറ്റ് അപാകങ്ങൾ	1-2-1
7	ബജറ്റ്	1-2
8	സാമ്പത്തിക വിശകലനം	1-3
9	ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ	1-4-1
10	ഗ്രാന്റ് വിനിയോഗം	1-4
11	പദ്ധതി അവലോകനം	1-5
12	ക്യാഷ് പരിശോധന	1-6
13	ആഭ്യന്തര നിയന്ത്രണം	1-7
14	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-8
15	വനിതാ ഫിറ്റ്നെസ് സെന്റർ -രസീത് പരിപാലനത്തിൽ അപാകം	1-9
16	രസീത് , വാടക -രജിസ്റ്ററുകളുടെ പരിപാലനത്തിലെ അപാകം	1-10
17	തനത് വരുമാനം - പൂർണമായും ലഭ്യമാക്കാനാവശ്യമായ നടപടികളുണ്ടാകണം.	1-11
18	ശിങ്കാരിമേളം ടീമിന്റെ രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യം.	1-12
19	മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല	1-13
20	ആർ ആർ എഫ് -സ്റ്റോറേജ് ഫെസിലിറ്റി നിർമ്മാണം പൂർത്തീകരിച്ചില്ല	1-14
21	ബെയ്ലിങ് മെഷീനും കൺവേയർ ബെൽറ്റും വാങ്ങി വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല.	1-15
22	കോഴിക്കൂട് ഷെഡ് നിർമ്മാണത്തിനായി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല 199964 രൂപ തടസ്സപ്പെടുത്തുന്നു	1-16
23	MNREGS ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.	1-17
24	ജൈവ സമൃദ്ധി, ജൈവകൃഷി പരിശീലന-സേവന കേന്ദ്രം നെടുമങ്ങാട് എന്ന സ്ഥാപനത്തിന്റെ വരവ്-ചെലവ് കണക്കുകൾ പ്രത്യേക ഓഡിറ്റിന് ശിപാർശ ചെയ്യുന്നു.	1-18
25	ജൈവഗ്രാമത്തിന് അനുവദിച്ച റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.	1-19
ഭാഗം 2		

--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 10-5-24 തീയതിയിലെ 2/2 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 25-5-24 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ,ചട്ടം 62(2)(ബി) പ്രകാരം അക്കൗണ്ടിംഗ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തി അടിസ്ഥാന അനുപാതങ്ങൾ തയ്യാറാക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 10/ 26.06.2024) തുടർ വർഷങ്ങളിൽ അടിസ്ഥാന

അനുപാതങ്ങൾ ഉൾപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിൽ "Net Increase/Decrease In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും (3448925/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും (2279425/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 അഡ്വാൻസ് തുകകളെ സാധൂകരിക്കുന്ന രേഖകളോ രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രിക B18ഷെഡ്യൂളിലെ അഡ്വാൻസ് തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ശീർഷകം	ഇനം	മുന്നിരിപ്പ്	നീക്കിയിരിപ്പ്
460100103	Temporary Advance For Official Purpose	796353	796353
460500501	Advance To Implimenting Officers	482000	522000
460509901	Advance To Others	809029	677866

അഡ്വാൻസ് രജിസ്റ്ററിൽ വാർഷിക കണക്കു പ്രകാരമുള്ള മേൽ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ ഇല്ല. രജിസ്റ്ററിൽ വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കിയിട്ടുമില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 10/ 26.06.2024) മറുപടിയായി, അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചു.

തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

1-1-4 വാർഷിക ധനകാര്യ പത്രിക - മറ്റ് അപാകങ്ങൾ

1. വാർഷിക ധനകാര്യ പത്രിക B-9 പ്രകാരം ഉള്ള VAT- 6771, റവന്യൂ റിക്കവറി- 25918/-, Refund Of Unutilised Grants Of Prior Period- 10000, Refunds Payable-48000/- എന്നീ ഇനങ്ങളിൽ അടവാക്കാനവശേഷിക്കുന്ന തുക മുൻവർഷങ്ങളിലെ വാർഷികധനകാര്യപത്രികകളുടെ B-9 ഷെഡ്യൂൾ പ്രകാരം ഉള്ള അതേ തുകകൾ തന്നെയാണ്. പ്രസ്തുത തുകകൾ അടവാക്കാത്തതിനുള്ള കാരണം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ10/ 26.06.2024) മറുപടിയായി, B-9 പ്രകാരമുള്ള VAT- 6771 രൂപയിൽ 6653 രൂപ 2016-17, 2017-18 വർഷങ്ങളിലെ Sale Of Tender Form ഇനത്തിലുള്ള തുകയാണെന്നും ബാക്കി 118 രൂപ ഹെഡ് മാറി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും റവന്യൂ റിക്കവറി 25918/-രൂപ SGRY പദ്ധതി പ്രകാരമുള്ള തിരിച്ചടവു തുകയാണെന്നും പ്രസ്തുത പദ്ധതി നിലവിലില്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് തീരുമാനത്തിനനുസരിച്ച് തനതു ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്നും 2024-25 വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചു.

Prior Period തകയായ 10000 രൂപ 2008-09 വർഷത്തെ SGSY RF തുകയാണെന്നും ടി തുക ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്നും Refunds Payable-48000/- രൂപ PMAY അക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുള്ളതാണെന്നും എന്നാൽ ടി തുക സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ആയത് തുടർ വർഷങ്ങളിൽ ക്രമീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2. 2023-24 സാമ്പത്തിക വർഷത്തെ വിവിധ ഡെപ്പോസിറ്റുകളുടെ (B-7പ്രകാരമുള്ളത്) വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്,ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ശീർഷകം	ഇനം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കി യിരിപ്പ്
1	340100101	Contractors EMD	52700	-	-	52700
2	340100102	Suppliers EMD	8000	-	-	8000
3	340100203	Bidders Security Deposit	2850	-	-	2850
4	340109901	Other Deposit	114641	-	-	114641
5	340200102	Auction Deposit	39791	-	-	39791

മേൽ ഡെപ്പോസിറ്റ് തുകകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ ആധികാരികത, ലഭ്യമാക്കിയ രജിസ്റ്ററിൽ നിന്നും പരിശോധിക്കുന്നതിനായി കഴിയുന്നില്ല. മേൽ പട്ടികയിലെ ക്രമ നം 2 മുതൽ 5 വരെയുള്ളത് 2020-21 B7 ഷെഡ്യൂൾ മുതലേ ഉൾപ്പെട്ട തുകകളാണ്. 3 വർഷത്തിനു മുകളിലുള്ളവ കാലാഹരണപ്പെട്ടതായി കണക്കാക്കി മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 10/ 26.06.2024) 2019-20 മുതൽ നീക്കിയിരിപ്പ് ഉള്ള 159482 രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ വരവ് ഹെഡിലേക്ക് മാറ്റുന്നതിന് 06.06.24 ന് കൂടിയ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെന്നും ടി തുക 2024-25 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ക്രമീകരിക്കുന്നതാണെന്നും ബാക്കി തുക 3 വർഷം കഴിയുന്ന മുറയ്ക്ക് വരവ് ഹെഡിലേക്ക് മാറ്റുന്നതാണെന്നും മറുപടി ലഭ്യമാക്കി.
തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

3. വാർഷിക ധനകാര്യപത്രികപ്രകാരമുള്ള താഴെപ്പറയുന്ന ചെലവ് തുകകൾ എ.സി.ആർ, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഇവയുമായി പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വരവ്	AFS RP 31 പ്രകാരം വരവ്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ്	AFS പ്രകാരം ചെലവ്	എ.സി.ആർ പ്രകാരം ചെലവ്
CFC Tied	3786500	3786500	4624538	4415036	4624538
CFC Untied	5049000	5091495	4699745	3120446	4717754

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് CFC Tied ഫണ്ടിൽ മുൻ നീക്കിയിരിപ്പ് തുകയും കേരള വാട്ടർ അതോറിറ്റിയിൽ നിന്നും Refund ആയി ലഭിച്ച തുകയും കൂടി ചേർത്ത് ചെലവ് നടത്തിയിട്ടുള്ളതിനാൽ ആണ് വ്യത്യാസം കാണുന്നതെന്നും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പദ്ധതിയുടെ മുഴുവൻ തുകയും രേഖപ്പെടുത്തുകയുണ്ടായെന്നും എന്നാൽ ഇ ഗ്രാം സ്വരാജ്

പോർട്ടൽ വഴി പെയ്മെന്റ് ചെയ്യുമ്പോൾ പദ്ധതിയുടെ 90 % മാത്രമേ പെയ്മെന്റ് ചെയ്യാൻ സാധിക്കുകയുള്ളുവെന്നും ടി തുക കരാറുകാരന് ലഭ്യമായ ശേഷം ഇ ഗ്രാമ സ്വരാജ് പോർട്ടലിൽ അസിസ്റ്റന്റ് കംപ്ലീഷൻ കൊടുത്താൽ മാത്രമേ ബാക്കിയുള്ള 10% നൽകുവാൻ സാധിക്കുകയുള്ളുവെന്നും ബ്ലോക്ക് പഞ്ചായത്തിന്റെ സി.എഫ്.സി ടൈഡ് ഫണ്ടിലെ പദ്ധതികളുടെ പെയ്മെന്റുകൾ മാർച്ച് മാസം അവസാനമാണ് ചെയ്തതെന്നും ആയത് കാരണം പദ്ധതികളുടെ ബാക്കി 10% തുക അടുത്ത സാമ്പത്തിക വർഷത്തിലാണ് നൽകാൻ കഴിഞ്ഞതെന്നും ആയതു കാരണമാണ് എ.എഫ്.എസിലും എ.സി.ആർ ലും വ്യത്യാസം വരാൻ കാരണമെന്നും അറിയിച്ചു.

CFC Untied ഫണ്ട് ൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ 5049000 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും ഇ ഗ്രാം സ്വരാജിൽ 2524500 രൂപ മാത്രമേ വന്നിട്ടുള്ളുവെന്നും Reverse Receipt വരാത്തത് കൊണ്ടാണ് ഇത് സംഭവിച്ചതെന്നും Untied Fund Ist Instalment ഉം ബാങ്ക് പലിശയും മുൻ നീക്കിയിരിപ്പും ചേർത്തുള്ള തുകയ്ക്കാണ് പെയ്മെന്റ് ചെയ്തതെന്നും ഇ ഗ്രാമസ്വരാജിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ബാക്കി ബില്ലുകൾ നൽകിയിട്ടില്ലെന്നും എന്നാൽ ഈ ബില്ലുകൾ സാംഖ്യയിൽ ചെലവായി കാണിക്കുകയുണ്ടായെന്നും ആയതിനാലാണ് എ.സി.ആർ ലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിലും ചെലവ് തുക കൂടുതലായി കാണുന്നതെന്നും മറുപടി നൽകി.
CFC ഗ്രാന്റ് മുന്നിരിപ്പ് വരവ് ചെലവ് നീക്കിയിരിപ്പ് ഇവ എ.എഫ്.എസ്. ഉം അനുബന്ധപത്രികകളുമായി പൊരുത്തപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-2-1 ബജറ്റ് അപാകങ്ങൾ

1) 2023-24 ബജറ്റിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ബജറ്റിലെ പ്രതീക്ഷിത വരവ്	യതാർത്ഥ വരവ്	വ്യത്യാസം
1	Rental Income From Panchayat Properties	403000	164851.00	238149
2	Sale & Hire Charges	340000	271719.00	68281
3	Income From Investments	1429143.00	700000	(729143)

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 17/27.06.2024), വാടക പുതുക്കുന്ന പക്ഷം വരവ് കൂടുമെന്ന പ്രതീക്ഷയിലാണ് തുക വകയിരുത്തിയതെന്നും Sale Of Tender Form, Sale Of Scrap, വാഹന ലേലം എന്നീ ഇനങ്ങളിൽ നിന്നുള്ള വരവാണ് Sale & Hire Charges പ്രതീക്ഷിച്ചതെന്നും എന്നാൽ, വാഹന ലേലത്തിൽ നിന്നും പ്രതീക്ഷിത വരവ് ലഭിച്ചില്ലെന്നും മറുപടി നൽകി.

2)പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2023-24ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിക്കുകയും ബജറ്റിൽ വകയിരുത്തിയ ഇനങ്ങളിൽ ചെലവുചെയ്യാതെയും കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

I)ബജറ്റിൽ തുക വകയിരുത്താത്ത ഇനങ്ങളിൽ തുക ചെലവഴിച്ചതിന്റെ ഉദാഹരണങ്ങൾ

ക്രമ നമ്പർ	ഹെഡ് ഓഫ് അക്കൗണ്ട്	ഇനം	എ.എഫ്.എസ്. പ്രകാരമുള്ള തുക
1	230400101	Vehicle Hire Charges	568492
2	250300801	Other Industries-General	97308
3	250103901	Animal Husbandry - Infrastructure- General	300000

Ii. താഴെ പറയുന്ന ബജറ്റ് ഹെഡ്ഡിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവു ചെയ്തിട്ടുണ്ട്.

ക്രമ	ഹെഡ് ഓഫ്	ഇനം	ബജറ്റ് ഹെഡ്ഡിൽ	എ.എഫ്.എസ്.

നം.	അക്കൗണ്ട്		വകയിരുത്തിയ തുക	പ്രകാരമുള്ള തുക
1	251100701	Sports-General	120000	330000

251100701 എന്ന ഹെഡിൽ ഗെയിംസ് ഫെസ്റ്റിന്റെ തുക മാത്രമാണ് വകയിരുത്തിയതെന്നും എന്നാൽ, 2023-24 വർഷത്തെ എ.എഫ്.എസ് ൽ ശിശു വികസന പദ്ധതി ഓഫീസർ നടത്തുന്ന ഭിന്നശേഷി കലാമേളയുടെ ചെലവും കൂടി ഈ ഹെഡിൽ വകയിരുത്തുകയാണ് ഉണ്ടായതെന്നും തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുന്നതാണെന്നും മറുപടി നൽകി.

ബജറ്റ് തയ്യാറാക്കുമ്പോൾ യഥാർത്ഥ വരവ് ചെലവുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 ബജറ്റ്

2023-24 സാമ്പത്തിക വർഷത്തെ ബജറ്റ്, 21.03.2023 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് മുന്നിരിപ്പ് 2404099/- രൂപയും വരവ് 90393700/- രൂപയും ചെലവ് 91432259/- രൂപയും ബജറ്റ് നീക്കിയിരിപ്പ് 1365540/- രൂപയുമാണ് .

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	5603313
ഓഡിറ്റ് വർഷത്തെ വരവ്	62637345
ആകെ	68240658
ഓഡിറ്റ് വർഷത്തെ ചെലവ്	59188420
നീക്കിയിരിപ്പ്	9052238

1-4-1 ഗ്രാന്റ് വിനിയോഗം -അപാകങ്ങൾ

1.സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ജി.ഒ(പി) 07/17/ധന തീയതി 23.01.17 നമ്പർ ഉത്തരവ് പ്രകാരം പ്രോജക്ട് നിർവ്വഹണം നടത്താത്ത പക്ഷം, പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം, ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. എന്നാൽ, സംയുക്ത പ്രോജക്ടുകളുടെ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു.(B -4 Schedule)

2023-24 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച തുക നീക്കിയിരിപ്പായതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ്	വാർഷിക കണക്കു പ്രകാരം ചെലവ്	നീക്കിയിരിപ്പ്	22-23 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
ഗ്രാമ പഞ്ചായത്ത് വിഹിതം (റവന്യൂ)	810728	591617	1402345	Nil	536290	866055	866055
ജില്ലാപഞ്ചായത്ത് വിഹിതം (റവന്യൂ)	3857238	-	3857238	Nil	Nil	3857238	3857238
ഗ്രാമപഞ്ചായത്ത് വിഹിതം	232916	-	232916	Nil	Nil	232916	232916
മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം(സ്പെസിഫിക്)	5000000	-	5000000	Nil	Nil	5000000	5000000

ജില്ലാപഞ്ചായത്ത് വിഹിതം (സ്പെസിഫിക്)	500000	-	500000	Nil	Nil	500000	500000

ഇതിൽ മുനിസിപ്പൽ കോർപ്പറേഷൻ വിഹിതം5000000 രൂപ 2021-22 മുതലും ഗ്രാമപഞ്ചായത്ത് വിഹിതം 232916, ജില്ലാപഞ്ചായത്ത് വിഹിതം(സ്പെസിഫിക്) 500000 രൂപ എന്നിവ മുൻ വർഷങ്ങളിലേ നീക്കിയിരിപ്പായി തുടരുന്നവയാണ്. ഈ സാഹചര്യത്തിൽ മേൽ തുകകൾ ഏതൊക്കെ പദ്ധതികൾ പ്രകാരം നീക്കിയിരിപ്പ് ആയതാണെന്നും ചെലവ് ചെയ്യാതെ നീക്കിയിരിപ്പ് ആകാനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ അന്വേഷണ കുറിപ്പിന്, മുനിസിപ്പൽ കോർപറേഷൻ വിഹിതനായ 5000000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായ 500000 രൂപയും കിള്ളിയാർ മിഷൻ തുടർ പ്രവർത്തനവുമായി ബന്ധപ്പെട്ട് ലഭിച്ച തുകയാണെന്നും പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് പ്രസ്തുത തുക ചെലവഴിക്കുന്നതാണെന്നും അറിയിച്ചു.

തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2.പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം മേഖലാടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (മറ്റുള്ളവ ഒഴികെ)	ചെലവ് (മറ്റുള്ളവ ഒഴികെ)	ചെലവ് %
ഉല്പാദനം	പൊതുവിഭാഗം	9949290	4380919	44
	പട്ടിക ജാതി വിഭാഗം	600000	0	0
സേവനം	പൊതുവിഭാഗം	18120030	14722342	81
	പട്ടിക ജാതി വിഭാഗം	8918836	7308800	81
	പട്ടിക വർഗ വിഭാഗം	216666	130000	60
പശ്ചാത്തലം	പൊതുവിഭാഗം	5962005	756026	12
	പട്ടിക ജാതി വിഭാഗം	4055664	1262920	31

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് മേഖലാടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരം തുക വകയിരുത്തുകയും ഫണ്ട് ലഭ്യമായ മുറയ്ക്ക് ചെലവ് വരുത്തുകയും ചെയ്തിട്ടുണ്ടെന്നും 2024 മാർച്ച് മാസം അവസാന ഗഡു സർക്കാരിൽ നിന്നും 24.03.24 നാണ് ലഭ്യമായതെന്നും മുഴുവൻ ബില്ലുകളും 25.03.24 ന് തന്നെ ട്രഷറിയിൽ സമർപ്പിച്ചെന്നും എന്നാൽ 97 ബില്ലുകളാണ് ട്രഷറിയിൽ പാസാക്കാതെ മടക്കിയതെന്നും 2023-24 ൽ ചെലവ് കുറവായി പ്രതിഫലിക്കാൻ ഇത് കാരണമായെന്നും മറുപടി നൽകി.

3.സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമബ്ലോക്ക്പഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക	ചെലവഴിച്ച	ചെലവ്

	(മറ്റുള്ളവ ഒഴികെ)	തുക (മറ്റുള്ളവ ഒഴികെ)	ശതമാനം
വനിത ഘടക പദ്ധതി	28005000	2205171	7.87
കുട്ടികൾ	425000	350000	82
വൃദ്ധർ	2150000	1264359	58
ഭിന്നശേഷിയുള്ളവർ	2200000	946127	43
പാലിയേറ്റീവ് കെയർ രോഗികൾ	500000	406773	81

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 15/ 26.06.2024) ഘടക പദ്ധതികൾക്ക് മാർഗരേഖ പ്രകാരം തന്നെ തുക വകയിരുത്തിയെന്നും ട്രഷറിയിൽ സമയ ബന്ധിതമായി തന്നെ ബില്ലുകൾ സമർപ്പിച്ചിട്ടും 97 ബില്ലുകളാണ് ട്രഷറിയിൽ പാസാക്കാതെ മടക്കിയതെന്നും ആയത് സുലേഖയിലും സാംഖ്യയിലും സ്പിൽ ഓവറായും ക്യൂ ബില്ലുകളായും മാറ്റിത്തരുകയും അനുവദിച്ച തുക 100% ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിന്റെ കണക്കുകൾ 2024-25 ൽ ഉൾപ്പെട്ടിട്ടുണ്ടെന്നും നോൺ റോഡിന് മൂന്നാം ഗഡു അനുവദിച്ചു നൽകിയിരുന്നില്ലെന്നും സംയുക്ത പദ്ധതികൾക്ക് തുക ചെലവഴിക്കുന്നതിനുള്ള സാങ്കേതിക സംവിധാനം സാംഖ്യയിൽ 2024 ജൂൺ മാസത്തിലാണ് ലഭ്യമായതെന്നും ലഭ്യമായ തുകകൾ പൂർണമായും ചെലവഴിച്ചെന്നും മറുപടി ലഭ്യമാക്കി.

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റ് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസനഫണ്ട് (ജനറൽ)	0	30493000	30493000	19859287	10633713
വികസനഫണ്ട് (എസ്.സി.പി)	0	12217000	12217000	8571720	3645280
വികസനഫണ്ട് (റ്റി.എസ്.പി)	0	195000	195000	130000	65000
വികസനഫണ്ട് (CFC Tied)	0	3786500	3786500	4624538	(-)838038
വികസനഫണ്ട് (CFC Untied)	0	5049000	5049000	4699745	349255
മെയിന്റനൻസ് ഫണ്ട് (റോഡിതരം)	0	1183400	1183400	1095638	87762
CSS	0	0	0	1598000	(-)1598000

1-5 പദ്ധതി അവലോകനം

(ഓഡിറ്റ് എൻകയറി നമ്പർ 11/26.06.2024)

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ))

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം

				ഒഴികെ)		
സൂപ്രണ്ട് - താലൂക്ക് ഹോമിയോ ആശുപത്രി	7	6	1	2072450	1056639	51
സി.ഡി. പി.ഒ.	12	10	2	6210750	5450377	88
സെക്രട്ടറി	34	22	12	76750624	19192361	25
ജനറൽ എക്സ്റ്റൻഷൻ ഓഫീസർ	3	3	0	251836	251800	99
പട്ടിക ജാതി വികസന ഓഫീസർ	1	1	0	3749583	2679583	71
അസിസ്റ്റന്റ് ഡയറക്ടർ (കൃഷി)	8	5	3	29990000	1678125	6
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	3	3	0	2545000	2299838	90
ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ	4	2	2	1197308	410974	34
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	22	15	7	22632552	8934984	39

I) അസിസ്റ്റന്റ് ഡയറക്ടർ(കൃഷി) ആകെ വകയിരുത്തിയ ഫണ്ടിന്റെ 6% മാത്രമാണ് ചെലവഴിച്ചത്.

Ii)അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 22 മരാമത്ത് പ്രവൃത്തികൾക്കായി അംഗീകാരം വാങ്ങിയെങ്കിലും 15 പ്രവൃത്തികൾ നടപ്പാക്കിയില്ല.

Iii)ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ വകയിരുത്തിയ ഫണ്ടിന്റെ 34% മാത്രമാണ് ചെലവഴിച്ചത്.

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക	ചെലവ് തുക	ശതമാനം
പൊതുവിഭാഗം (ജനറൽ)	34031325	19859287	58
എസ്.സി.പി.	13574500	8571720	63
ടി.എസ്.പി.	216666	130000	60
ധനകാര്യ കമ്മിഷൻ അവാർഡ്	13009404	9324283	72
കേന്ദ്രാവിഷ്കൃത ഫണ്ട്	74050000	1598000	2
തനത് ഫണ്ട്	2018608	1375753	68
മെയിന്റനൻസ് ഫണ്ട് റോഡിതരം	3499600	1095638	31

മറ്റുള്ളവ	9570000	468750	5
ആകെ	149970103	42423431	28

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (ഗുണഭോക്തൃ വിഹിതം ഒഴിവാക്കി)	ആകെ പദ്ധതി ചെലവ്	ചെലവ് ശതമാനം
94	67	27	14,54,00,103	4,19,54,681	30%

ആസൂത്രണസമിതി

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1അനുസരിച്ച് 4(1)/13.12.2022തീരുമാനപ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല.

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുനഃ സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

വർക്കിംഗ് ഗ്രൂപ്പ്	അംഗങ്ങളുടെ എണ്ണം	യോഗ തീയതി	പങ്കെടുത്തവരുടെ എണ്ണം
കൃഷി	14	07.01.2023	10
		25.02.2023	7
മൃഗസംരക്ഷണവും ക്ഷീര വികസനവും	12	19.12.2022	7
		10.02.2023	7
സാമൂഹ്യ നീതി	15	10.01.2023	9
		25.02.2023	7
ദാരിദ്ര്യ ലഘൂകരണം	11	19.12.2022	7
		24.02.2023	7

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ നടന്നതായി കാണുന്നില്ല.

പദ്ധതി വിഹിതത്തിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ വികസന ലക്ഷ്യങ്ങൾ പൂർണമായി നേടുന്നതിനും ലഭ്യമാകുന്ന തുക പാഴാക്കാതെ പൂർണമായി ചെലവഴിക്കുന്നതിനും കൂടുതൽ തുക നിയമാനുസൃത മാർഗ്ഗേന ലഭ്യമാക്കുന്നതിനും സർക്കാർ ഉത്തരവുകൾ, മാർഗരേഖ എന്നിവ കൃത്യമായി അനുവർത്തിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതിയും നിർവ്വഹണ ഉദ്യോഗസ്ഥരും പ്രത്യേകം ഉൾക്കൊള്ളേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.06.2024, 10.30AMന് നടത്തുകയുണ്ടായി. ക്യാഷ്ബാലൻസ് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

1-7 ആഭ്യന്തര നിയന്ത്രണം

തദ്ദേശ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കും സേവനങ്ങൾ ലഭ്യമാക്കുന്നതിലും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന് പ്രാമുഖ്യമുണ്ട്. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്ത്രണ സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി, ചുവടെ ചേർക്കുന്ന വിഷയങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

1)ഭരണ സമിതി മിനിട്സ് സമയബന്ധിതമായി പാസാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2)വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലുണ്ടായ അപാകങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ ആവശ്യമാണ്.

3)തനത് വരുമാനം - പൂർണമായും ലഭ്യമാക്കാനാവശ്യമായ നടപടികളുണ്ടാകണം.

4)ശിങ്കാരിമേളം ടീമിന്റെ രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണ്.

5)ആർ ആർ എഫ് സ്റ്റോറേജ് ഫെസിലിറ്റി നിർമ്മാണ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

6)നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൈവ സമൃദ്ധി, ജൈവകൃഷി പരിശീലന-സേവന കേന്ദ്രം നെടുമങ്ങാട് എന്ന സ്ഥാപനത്തിന്റെ 2017- 2018 മുതലുള്ള വരവ് - ചെലവുകൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് അനിവാര്യമാണ്.

7)ജൈവഗ്രാമത്തിന് അനുവദിച്ച റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോർമൻസ് ഓഡിറ്റ്	16.02.2024 മുതൽ 24.02.2024 വരെ	2022-23	17.04.2024
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	22.06.2020 മുതൽ 03.07.2020 വരെ	2015-16മുതൽ 2019-20 വരെ	16.09.2020

1-9 വനിതാ ഫിറ്റ്നെസ് സെന്റർ -രസീത് പരിപാലനത്തിൽ അപാകം

'അവൾക്കൊപ്പം' ജീവനി -വനിതാ ഫിറ്റ് നെസ് സെന്റർ ൽ നിന്നും രസീത് മുഖേന, മാസവരി/ അഡ്മിഷൻ ഫീ ഇനത്തിൽ 2023-24 സാമ്പത്തിക വർഷം 105100 രൂപ വരവായി ലഭിച്ചിട്ടുണ്ട്. മാസവരി നിരക്ക് പ്രതിമാസം 300 രൂപയാണ്. രസീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, കളക്ഷൻ രജിസ്റ്റർ രസീത് നമ്പർ ക്രമത്തിൽ എഴുതി സൂക്ഷിക്കുന്നതായോ,

കളക്ഷൻ തുക പഞ്ചായത്തിൽ ഒടുക്കിയതിന്റെ റസീപ്റ്റ് രജിസ്റ്ററിൽ ഒട്ടിച്ചതായോ കാണുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന്(നമ്പർ 16/ 26.06.2024) ലഭ്യമാക്കിയ മറുപടിയിൽ, കളക്ഷൻ തുക ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്കിയ രസീത് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ടെന്നും അത് രജിസ്റ്ററിൽ ഒട്ടിച്ച് സൂക്ഷിക്കുന്നതാണെന്നും കളക്ഷൻ രജിസ്റ്റർ രസീത് ക്രമത്തിൽ എഴുതി സൂക്ഷിക്കുന്നതിന് കർശന നിർദ്ദേശം നൽകുന്നതാണെന്നും അറിയിച്ചു.

ഈ വിഷയത്തിലെ തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

1-10 രസീത് , വാടക -രജിസ്റ്ററുകളുടെ പരിപാലനത്തിലെ അപാകം

രസീത് മുഖേന വിവിധ നികുതിയിതര ഇനങ്ങളിൽ വരവുണ്ടെങ്കിലും, കളക്ഷൻ രജിസ്റ്റർ രസീത് ക്രമത്തിൽ എഴുതി സൂക്ഷിക്കുകയോ കളക്ഷനുള്ള ദിവസത്തെ ഡേ ബുക്ക് പ്രിന്റെടുത്തു സൂക്ഷിക്കുകയോ ചെയ്യുന്നില്ല .

മുണ്ടേല ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും എല്ലാ മാസവും 1475 രൂപാ നിരക്കിലും ബയോ കൺട്രോൾ ലാബിൽ നിന്നും 4/23 മുതൽ 11/23 വരെ 1770 രൂപാ നിരക്കിലും 12/23 മുതൽ 2006 രൂപാ നിരക്കിലും വാടക ഈടാക്കിയിട്ടുണ്ട്. രജിസ്റ്ററിൽ കളക്ഷൻ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നല്ലാതെ വാടകയ്ക്കെടുത്തയാളിന്റെ വിവരങ്ങളോ ഡിമാന്റ് കളക്ഷൻ ബാലൻസ് ഇവയോ എഴുതുന്നില്ല. എല്ലാ ധനകാര്യ വർഷാരംഭത്തിലും വാടക നിരക്ക് വർദ്ധിപ്പിക്കുന്നതായും കാണുന്നില്ല.

ഈ വിഷയം സംബന്ധിച്ച് നൽകിയ അന്വേഷണ കുറിപ്പിന് (നമ്പർ 20/27.06.2024), കളക്ഷൻ രജിസ്റ്റർ രസീത് ക്രമത്തിൽ എഴുതി സൂക്ഷിക്കുന്നതാണെന്നും കളക്ഷൻ ഉള്ള ദിവസത്തെ ഡേ ബുക്ക് പ്രിന്റെടുത്തു സൂക്ഷിക്കുന്നതാണെന്നും വാടക രജിസ്റ്ററിൽ വാടകയ്ക്കെടുത്ത ആളിന്റെ പേരും ഡിമാന്റ് കളക്ഷൻ ബാലൻസ് ഇവ രേഖപ്പെടുത്തൽ വരുത്തുന്നതിൽ ഇനി മുതൽ ശ്രദ്ധിക്കുന്നതാണെന്നും 2024-25 സാമ്പത്തിക വർഷം മുതൽ വാടക നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു.

മേൽ വിഷയങ്ങളിൽ സ്വീകരിച്ച നടപടിയുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

1-11 തനത് വരുമാനം - പൂർണമായും ലഭ്യമാക്കാനാവശ്യമായ നടപടികളുണ്ടാകണം.

ബ്ലോക്ക് പഞ്ചായത്തിന്റെ വികസനരേഖ അധ്യായം 1ൽ ചുവടെ ചേർക്കും പ്രകാരമുള്ള പരാമർശമുണ്ട്.

"ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2,50,000 പച്ചക്കറിത്തൈകൾ ഉല്പാദിപ്പിക്കാൻ ശേഷിയുള്ള പോളിഹൌസ് 1000 മുട്ടക്കോഴികൾ ഉൾപ്പെടുന്ന സമൃദ്ധി-പൌൾട്രിഫാം, അത്യുല്പാദന ശേഷിയുള്ള 100 ആടുകളുള്ള ആട് പ്രജനന യൂണിറ്റ്, വെച്ചൂർ പശുക്കൾ, താറാവ് എന്നിവയെല്ലാം ഉൾപ്പെടുന്ന ജൈവ ഗ്രാമം, അരുവിക്കര പ്രീമെട്രിക് ഹോസ്റ്റൽ കോമ്പൌണ്ടിൽ ഇൻഡോർ സ്റ്റേഡിയം, മുണ്ടേല അഗ്രിബിസിനസ് ഇൻക്യുബേഷൻ സെന്റർ, അതിജീവനം വിഡിയോ കോൺഫറൻസ് ഹാൾ, അരുവിക്കര പി.എച്ച്.സിയിൽ ആരംഭിച്ച അവൾക്കൊപ്പം ജീവനി - വനിതാ ആരോഗ്യപരിപാലന കേന്ദ്രം എന്നീ ആസ്തികൾ സൃഷ്ടിച്ചു. "

എന്നാൽ, 2023-24 വർഷത്തെ വരവിനങ്ങളുടെ ലെഡ്ജർ പ്രകാരം, ജീവനി, കെട്ടിടം/ സ്റ്റാൾ വാടക, അദിതി സ്പോർട്സ് &ആർട്സ് ക്ലബ്, VFPCK, ബയോ കൺട്രോൾ ലാബ് എന്നീ വരവ് തുകകളാണ് ഉൾപ്പെട്ടിട്ടുള്ളത്. മറ്റ് ആസ്തികളിൽ നിന്നും വരവൊന്നും ലഭിക്കുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 06/25.06.2024) മറുപടി ലഭ്യമാക്കിയില്ല. തനത് വരുമാനം പൂർണമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-12 ശിങ്കാരിമേളം ടീമിന്റെ രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച്. കൂടുതൽ വ്യക്തത ആവശ്യം.

പ്രോജക്ട് നമ്പർ	S0062/24

പ്രോജക്ടിന്റെ പേര്	ശിങ്കാരിമേളം തുടർപരിശീലനം
അടങ്കൽ	1,00,000(വികസനഫണ്ട് - SCP)
ചെലവ്	1,00,000
ബിൽ നമ്പർ	20/23.05.2023 തുക 20,000 145/13.11.2023 തുക 16,000 146/13.11.2023 തുക 54,000 297/05.02.2024 തുക 10,000
നിർവ്വഹണം	ജനറൽ എക്സ്റ്റൻഷൻ ഓഫീസർ

2022-23വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത പട്ടികജാതി വിഭാഗം വനിതകൾക്കുള്ള ശിങ്കാരിമേളം പരിശീലനം പദ്ധതിയിലെ ഗുണഭോക്താക്കളായ 18 പേർക്കുള്ള തുടർപരിശീലനത്തിനായി വിഭാവനം ചെയ്ത പ്രോജക്ട്.

2021-22വർഷം ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പരിശീലകനെ നിയമിച്ച് പരിശീലനം ആരംഭിച്ചിരുന്നു. തുടർന്നുള്ള പരിശീലനം നൽകുന്നതിനും വാദ്യോപകരണങ്ങൾ വാങ്ങി നൽകി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ടീം രൂപീകരിച്ച് തുടർപ്രവർത്തനങ്ങൾ നടത്തുന്നതിനായി 2022-23വർഷം പ്രോജക്ട് നടപ്പാക്കി.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി 28.05.2022] ഖണ്ഡിക 7.2.11 പ്രകാരം, പട്ടികജാതി/പട്ടിക വർഗ യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട അനുയോജ്യമായ മറ്റ് വാദ്യോപകരണങ്ങൾ എന്നിവ വാങ്ങി നൽകാവുന്നതാണ്. 5% തുക ഗുണഭോക്തൃ വിഹിതമായി അടയ്ക്കണമെന്നും ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിവും പ്രാവീണ്യവുമുള്ള 5 അംഗങ്ങളെങ്കിലുമുള്ള ഗ്രൂപ്പ് രൂപീകരിക്കണമെന്നുമുണ്ട്. എന്നാൽ, നിർവ്വഹണ ഉദ്യോഗസ്ഥയുടെ വിശദീകരണമനുസരിച്ച് (ഓഡിറ്റ് എൻകൗയറി നമ്പർ 02/ 25.06.2024ന്റെ മറുപടി), ബ്ലോക്ക് പഞ്ചായത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി കണ്ടെത്തിയ നിർദ്ധന എസ്.സി. കുടുംബത്തിലെ യുവതികൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഗ്രൂപ്പ് രൂപീകരിക്കുന്നതിനും അവർക്ക് പരിശീലനം നൽകുന്നതിനുമാണ് പദ്ധതി രൂപീകരിച്ചത്. ഗ്രൂപ്പിനാവശ്യമായ ഉപകരണങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥ നേരിട്ട് വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിപാലിച്ചുവരുന്നു. ഗ്രൂപ്പിന് സബ്സിഡി നൽകിയിട്ടില്ലെന്നും കുടുംബാംഗങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്നതായിരുന്നു പദ്ധതി ലക്ഷ്യമെന്നും അറിയിച്ചിട്ടുണ്ട്.

2022-23 വർഷം, ശിങ്കാരിമേളം ടീമിന് 2,74,500 രൂപയ്ക്ക് വാദ്യോപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. ടീമിന്റെ പേരിൽ കേരള ഗ്രാമീൺ ബാങ്കിലുള്ള അക്കൌണ്ടിൽ (നമ്പർ 40326101103997) 31.03.2024ൽ 2,04,242രൂപയുണ്ട് (21.05.2024ലെ നീക്കിയിരിപ്പ് 2,39,305 രൂപ).

പ്രസ്തുത ടീമിന്റെ പ്രവർത്തന നിയന്ത്രണങ്ങൾ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അധിഷ്ഠിതമാണ്. ടീമിന്റെ പ്രവർത്തനം സംബന്ധിച്ച് ബൈല തയ്യാറാക്കിയിട്ടില്ല. ലഭിക്കുന്ന ഓരോ പരിപാടികളും വ്യത്യസ്തത പുലർത്തുന്നതിനാൽ നിശ്ചിത നിരക്ക് നിശ്ചയിച്ചിട്ടില്ല.

ശിങ്കാരിമേളം ടീമിന്റെ പ്രവർത്തനം സംബന്ധിച്ച് കൂടുതൽ വ്യക്തത ആവശ്യമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സ്വന്തമായി വാദ്യോപകരണ ട്രൂപ്പുകൾ രൂപീകരിക്കാൻ അനുവാദമുള്ള ഉത്തരവുകൾ ഇല്ല. സബ്സിഡി/പദ്ധതി മാർഗ്ഗരേഖകളിൽ പ്രസ്തുത ഇനം അനുവദിച്ചിട്ടുമില്ല. ടീമിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ടീമിന്റെ പ്രവർത്തനം സംബന്ധിച്ച് ബൈല തയ്യാറാക്കാത്തതും കൃത്യമായ നിരക്കുകൾ നിശ്ചയിക്കാത്തതും ടീം അംഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തിന് തടസ്സമാകാൻ കാരണമാകും.

ടീമിന്റെ രൂപീകരണവും പ്രവർത്തനങ്ങളും സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനാവശ്യമായ വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-13 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

ലഭ്യമാക്കിയ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

ക്രമ നമ്പർ	തീയതി	തുക	വിവരണം
2021-22			
1	21.04.2021	21500	നോഡൽ പ്രേരക്-02/2021ലെ ഓണറേറിയം
2	06.05.2021	25000	നോഡൽ പ്രേരക്-03/2021ലെ ഓണറേറിയം
3	02.11.2021	5300	പ്രകാശ്.കെ.എൽ, EO- ട്രെയിനിംഗ്
4	02.11.2021	13920	പ്രകാശ്.കെ.എൽ, EO - ട്രെയിനിംഗ്
5	19.11.2021	3880	പ്രകാശ്.കെ.എൽ, EO - ട്രെയിനിംഗ്
6	19.11.2021	19485	അജി.ടി, JBDO
7	07.02.2022	79540	MGNREGS വേതനം
8	14.02.2022	12500	പ്രിൻസിപ്പൽ ഡയറക്ടർ – തദ്ദേശ സ്വയംഭരണ ദിനാഘോഷം
9	02.03.2022	79540	MGNREGS വേതനം
2022-23			
10	07.05.2022	79540	MGNREGS വേതനം 03/2022
11	10.10.2022	5000	പ്രകാശ്.കെ.എൽ, EO- ഹരിത കർമ്മസേന സംഗമം
12	10.10.2022	79540	MGNREGS വേതനം 09/2022
13	01.11.2022	79540	MGNREGS വേതനം 10/2022
14	01.12.2022	79540	MGNREGS വേതനം 11/2022
15	05.12.2022	12000	രാജീവ്.കെ, EO- പ്രോജക്ട് എരിയ സന്ദർശനം
16	03.01.2023	79540	MGNREGS വേതനം 12/2022

17	02.02.2023	79540	MGNREGS വേതനം 01/2023
18	01.03.2023	79540	MGNREGS വേതനം 02/2023
2023-24			
19	05.04.2023	79540	MGNREGS വേതനം 03/2023
20	02.05.2023	79540	MGNREGS വേതനം 04/2023
21	01.06.2023	79540	MGNREGS വേതനം 05/2023
22	07.06.2023	തുക രേഖപ്പെടുത്തിയിട്ടില്ല	ടോണർ റീഫില്ലിംഗ് ചാർജ് -MGNREGS
23	01.07.2023	79540	MGNREGS വേതനം 06/2023
24	01.08.2023	79540	MGNREGS വേതനം 07/2023
25	02.09.2023	79540	MGNREGS വേതനം 08/2023
26	15.09.2023	11000	MGNREGS മീറ്റിംഗ് റിഫ്രഷ്മെന്റ് ചാർജ്
27	03.10.2023	79540	MGNREGS വേതനം 09/2023
28	01.11.2023	79540	MGNREGS വേതനം 10/2023
29	01.12.2023	79540	MGNREGS വേതനം 11/2023
30	23.12.2023	5625	MGNREGS ഫോട്ടോ കോപ്പി പേപ്പർ
31	01.01.2024	79540	MGNREGS വേതനം 12/2023
32	25.01.2024	26702	GST
33	13.02.2024	79540	MGNREGS വേതനം 01/2024
34	14.02.2024	4500	MGNREGS ടോണർ റീഫിൽ
35	01.03.2024	79540	MGNREGS വേതനം 02/2024
36	23.03.2024	39720	MGNREGS ലീവ് സറണ്ടർ

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നമ്പർ 14/26.06.2024) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത മുൻകൂറുകൾ ക്രമീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 ആർ ആർ എഫ് -സ്റ്റോറേജ് ഫെസിലിറ്റി നിർമ്മാണം പൂർത്തീകരിച്ചില്ല

പ്രോജക്ട് നമ്പർ, പേര്	61/24- Setting Up Storage Facilityfor RRF II Nd Phase

അടങ്കൽ തുക	17,19,913
ചെലവ് തുക	17,19,913
ഫണ്ട്	ധനകാര്യ കമ്മീഷൻ അവാർഡ്
നിർവ്വഹണ ഉദ്യോഗസ്ഥൻ	അസ്സി. എക്സിക്യൂട്ടീവ് എഞ്ചിനീയർ.

2023-2024 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ആർ ആർ എഫ് സ്റ്റോറേജ് ഫെസിലിറ്റി നിർമ്മാണ പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫണ്ടിന്റെ അഭാവം കാരണം ഇലക്ട്രിഫിക്കേഷൻ ജോലികൾ എസ്റ്റിമേറ്റിൽ ചേർത്തിട്ടില്ലാത്തതിനാലാണ് നിർമ്മാണ പ്രവൃത്തി വൈകുവാൻ കാരണമെന്നും വിശദീകരിച്ചിട്ടുണ്ട്(ഓഡിറ്റ് അന്വേഷണ നമ്പർ 7/25.06.2024ന്റെ മറുപടി)

പ്രസ്തുത പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു

1.നിർമ്മാണ പ്രവൃത്തികളിൽ മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

പദ്ധതി മാർഗരേഖ (സഉ(കൈ)നം-84/2022/ത.സ്വ.ഭ.വ തീയതി 19.04.2023) ഖണ്ഡിക3.5.1(8) കെട്ടിട നിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധസൌകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ലംബ്ബിംഗ്, മറ്റ് ഘടകങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒറ്റ പ്രോജക്ടായിട്ടാണ് തയ്യാറാക്കേണ്ടത്. എന്നാൽ, ഇതിന് വിരുദ്ധമായി കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ മാത്രമാണ് പ്രോജക്ടായി വച്ചിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി ആസൂത്രണം മാർഗ്ഗരേഖയ്ക്കനുസൃതമായി ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

2. ഡിഫക്റ്റ് ലയബിലിറ്റി പിരീഡ്- സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

25.11.2019 ലെ സർക്കാർ ഉത്തരവ് G.O (P) No.161/2019/Fin പ്രകാരം, ഒറിജിനൽ കെട്ടിടത്തിന്റെ ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് 60 മാസം (5 വർഷം) ആണെന്നിരിക്കെ കരാറുകാരന് നൽകിയിട്ടുള്ള ലെറ്റർ ഓഫ് അക്സെപ്പെറ്റെൻസിൽ ഡിഫക്റ്റ് ലയബിലിറ്റി പിരീഡ് 1 വർഷമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. കൂടാതെ, ഇതിനാനുപാധികമായാണോ സെക്യൂരിറ്റി ഡെപ്പോസിറ്റ് / പെർഫോർമൻസ് സെക്യൂരിറ്റി കാരാറുകാരൻ ഒടുക്കിയതെന്നും സെക്യൂരിറ്റി സെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല. ഡിഫക്റ്റ് ലയബിലിറ്റി പിരീഡിനുള്ളിൽ കാലാവധി തീരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് / പെർഫോർമൻസ് സെക്യൂരിറ്റി അംഗീകരിക്കുവാൻ കഴിയാത്തതിനാൽ, ആയത് നിയമപ്രകാരം കാലാവധിക്കനുസൃതമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ബെയ്ലിങ് മെഷീനും കൺവേയർ ബെൽറ്റും വാങ്ങി വിതരണം ചെയ്തതിന്റെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയില്ല.

പദ്ധതി നമ്പർ 58/24-ബെയ്ലിങ് മെഷീനും കൺവേയർ ബെൽറ്റും വാങ്ങൽ എന്ന പദ്ധതിയിൽ ടെണ്ടർ ക്ഷണിച്ച് ഫ്ലോറ്റ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്ന് 2 ബെയ്ലിങ് മെഷീനുകളും ഒരു കൺവേയർ ബെൽറ്റും വാങ്ങിയിട്ടുണ്ട്. യഥാക്രമം 1020000, 578000 രൂപക്കാണ് ബെയ് ലിംഗ് മെഷീനും കൺവേയർ ബെൽറ്റും വാങ്ങിയത്. ബെയ്ലിങ് മെഷീനുകൾ കരകുളം പഞ്ചായത്തിലും ബ്ലോക്കിലെ ആർ.ആർ.എഫ് സെന്ററിലും വിതരണം ചെയ്യുവാനും കൺവേയർ ബൽറ്റ് അരുവിക്കര പഞ്ചായത്തിന് വിതരണം ചെയ്യുവാനുമാണ് വാങ്ങുന്നതെന്ന് ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മേൽപ്പറഞ്ഞ ഉപകരണങ്ങൾ വാങ്ങിയ ശേഷം സ്റ്റോക്കിലെടുത്തതും പഞ്ചായത്തുകൾക്ക് വിതരണം ചെയ്തതും സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 12/26.06.2024) മറുപടി ലഭ്യമാക്കിയില്ല. ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും വിതരണം സംബന്ധിച്ച രേഖകളും ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

1-16 കോഴിക്കൂട് ഷെഡ് നിർമ്മാണത്തിനായി ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല 199964 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ	76/24	
പേര്	സമൃദ്ധി-മുട്ട ഉത്പാദന വിപണന ശൃംഖല രൂപീകരണം	
ഫണ്ട്	അടങ്കൽ	ചെലവ്
വികസന ഫണ്ട്(ധനകാര്യ കമ്മിഷൻ അവാർഡ്)	387404	199964
ആകെ	384704	199964
ബിൽ നമ്പർ/തീയതി	479/26.03.2024	
നിർവ്വഹണം	സെക്രട്ടറി	

മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ജൈവ ഗ്രാമം പദ്ധതിയുടെ ഭാഗമായി വലിയ തോതിൽ കോഴിമുട്ടകൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യുന്നതിലേക്കായി കോഴികളെ വാങ്ങി പാർപ്പിക്കുന്നതിനായുള്ള കോഴിക്കൂട് ഷെഡ് നിർമ്മാണത്തിനായി അസിസ്റ്റന്റ് എൻജിനീയർ 2,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ശ്രീ. സുരേഷ് കുമാർ എന്ന വ്യക്തിക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ കരാർ നൽകുകയും ചെയ്തു. ജൈവ ഗ്രാമം ഫാമിൽ സ്ഥിതി ചെയ്യുന്ന കോഴിക്കൂടിനായുള്ള ഷെഡ് നിർമ്മാണം സംബന്ധിച്ച പ്രവൃത്തി പൂർത്തിയാക്കിയതായി അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് നൽകിയ ശേഷം ശ്രീ.സുരേഷ് കുമാറിന് കിഴിവുകൾ (സി.ജി.എസ്.ടി-1695/- രൂപ, എസ്.ജി.എസ്.ടി-1695/- രൂപ, KCWWF- 1695/- രൂപ, ഇൻകം ടാക്സ്- 1695/- രൂപ, ആകെ കിഴിവുകൾ-6780/- രൂപ) കുറവ് ചെയ്തുള്ള തുകയായ 193194/- രൂപ നൽകുകയും ചെയ്തു. ചീഫ് എൻജിനീയറുടെ 04.04.2023 ലെ LIDEW7/2023-DB6/CE/LSGD നമ്പർ സർക്കുലർ പ്രകാരം 01.04.2023 മുതൽ എല്ലാ പ്രവൃത്തികൾക്കും ഇ-ടെണ്ടർ ബാധകമാക്കിയിട്ടുണ്ട്. കൂടാതെ, സ്ഥലപരിശോധന നടത്തിയപ്പോൾ പ്രവൃത്തി പൂർത്തിയാക്കി 26.03.2024 ന് കരാറുകാരന് തുക കൈമാറിയിട്ടും കോഴികളെ വാങ്ങുകയോ നിർമിച്ച ഷെഡിൽ പാർപ്പിക്കുകയോ ചെയ്തിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 12/26.06.2024) മറുപടിയിൽ, ലാഭേച്ഛയില്ലാതെ എസ്റ്റിമേറ്റ് തയ്യാറാക്കി സെക്രട്ടറിക്ക് നിർവ്വഹണം നടത്താമെന്ന വ്യവസ്ഥയിലാണ് ടെണ്ടർ ക്ഷണിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് ചെയ്ത 1,99,964/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 MNREGS ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

വൗച്ചർ നമ്പർ 22300625 (ചെക്ക് നമ്പർ 021530/18.03.2024) പ്രകാരം ചുവടെ പറയുന്ന MNREGS ജീവനക്കാർക്ക് 2023-24 വർഷം ആർജിതാവധി സറണ്ടർ ചെയ്ത് നൽകിയിട്ടുണ്ട്.

പേര്,തസ്തിക	ലീവ് സറണ്ടർ തുക
മോഹനകുമാരൻ നായർ,അസി.എൻജിനീയർ	15730
ബിന്ദു,അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ട്	12020
ജിതിൻ,അക്കൗണ്ടന്റ് കം ഐ.റ്റി എക്സ്പർട്ട്	12020

മേൽപ്പറഞ്ഞ കരാർ ജീവനക്കാരുടെ സേവന പുസ്തകമോ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകളോ (ക്രെഡിറ്റിലുള്ള ലീവും അനുവദിച്ച ലീവും ബാലൻസും) ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് എപ്രകാരം അനുവദിച്ചു എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 19/27.06.23) മറുപടിയിൽ കരാർ ജീവനക്കാരുടെ ആർജിതാവധി അക്കൗണ്ട് തയ്യാറാക്കി സൂക്ഷിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാർ ജീവനക്കാർക്ക് ആർജിതാവധി, ആർജിതാവധി വില്പന എന്നീ ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുള്ളതിനാൽ എല്ലാ കരാർ ജീവനക്കാർക്കും ആർജിതാവധി അക്കൗണ്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-18 ജൈവ സമൃദ്ധി, ജൈവകൃഷി പരിശീലന-സേവന കേന്ദ്രം നെടുമങ്ങാട് എന്ന സ്ഥാപനത്തിന്റെ വരവ്-ചെലവ് കണക്കുകൾ പ്രത്യേക ഓഡിറ്റിന് ശിപാർശ ചെയ്യുന്നു.

14/10/2016-ൽ കൂടിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി 'ജൈവ സമൃദ്ധി, ജൈവകൃഷി പരിശീലന-സേവന കേന്ദ്രം നെടുമങ്ങാട് എന്ന പേരിൽ ഒരു സമിതി രൂപീകരിക്കാൻ തീരുമാനിക്കുകയും ആയത് തീരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്ട്രാക്കൽ ആക്ട് അനുസരിച്ച് TVM/TC/1257/2016 നമ്പർ ആയി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ രണ്ടരയേക്കർ ഭൂമിയിൽ പ്രവർത്തിക്കുന്ന പ്രസ്തുത സംഘത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

A. നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ നടപ്പിലാക്കുന്ന ജൈവകാർഷിക പ്രവർത്തനങ്ങൾക്ക് ആസ്ഥാനമായി ഒരു പ്രാദേശിക പങ്കാളിത്ത ജൈവകൃഷി പരിശീലന സേവന കേന്ദ്രം പൂർണമായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും വ്യാപിക്കുക,

B.നൂതന കൃഷി രീതികളും, ജൈവകൃഷി രീതികളും, മാതൃകാ കർഷകർ ശിപാർശ ചെയ്യുന്ന കൃഷിരീതികളുടെ ഡെമോൺസ്ട്രേഷൻ നടത്തുകയും പഠന വിധേയമാക്കുകയും ചെയ്യുക.

C.പ്രദേശിക കർഷകഗ്രൂപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ സ്കൂൾ-കോളേജ് ക്ലബ്ബുകൾ, തുടങ്ങിയ കൂട്ടായ്മകൾക്ക് പരിശീലനം നൽകി കുറഞ്ഞവിലയ്ക്ക് നടീൽ വസ്തുക്കളും ജൈവവളങ്ങൾ മുതലായവയും നൽകുക,

D.സമൃദ്ധി എന്ന പേരിൽ പ്രത്യേക ബ്രാൻഡിംഗ് നടത്തി വിപണിയിലെത്തിക്കുക.

E.തരിശ് നെൽപ്പാടങ്ങളും,പുരയിടങ്ങളും കൃഷിയോഗ്യമാക്കുക.

പ്രവേശനം- പരമാവധി 25പേരുള്ള ജൈവകർഷകരുടെ ഗ്രൂപ്പുകൾക്ക് ഗ്രൂപ്പ് ഒന്നിന് 100/-രൂപ പ്രവേശന ഫീസ് ഈടാക്കി പ്രവേശനം നൽകാം.

പ്രധാന വരവ് സ്രോതസ്സുകൾ-പ്രവേശന ഫീസ്, മാസവരി, സംഭാവനകൾ, ഗവൺമെന്റിൽ നിന്നും, മറ്റ് സഹായ സ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന ഗ്രാന്റ്, മറ്റ് ആദായങ്ങൾ.

സംഘത്തിന്റെ ഭരണ നിർവ്വഹണ രീതി-ഭരണ നിർവഹണത്തിനായി വർഷത്തിൽ ഒരിക്കൽ കൂടുന്ന പൊതുയോഗത്തിൽ നിന്നും ബ്ലോക്ക് പ്രസിഡന്റ് അധ്യക്ഷനായും കൃഷി അസി.ഡയറക്ടർ കൺവീനറായും ഉള്ള 7 അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. വാർഷിക പൊതുയോഗത്തിൽ വാർഷിക ചെലവ് കണക്കുകളും ബാക്കി പത്രവും ബജറ്റും അവതരിപ്പിച്ച് പാസാക്കി ആയതിന്റെ ഒരു

ശരിപകർപ്പ് ഒപ്പ് രേഖപ്പെടുത്തി 14 ദിവസത്തിനകം രജിസ്ട്രാർ ഓഫീസിൽ അയച്ചു നൽകണം. ഭരണസമിതി മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേർന്ന് മുൻമാസത്തെ വരവ് ചെലവുകൾ ശരിയാണെങ്കിൽ പാസാക്കണം. ചെയർമാൻ (ബ്ലോക്ക് പ്രസിഡന്റ്), കൺവീനർ (അസി.ഡയറക്ടർ കൃഷി)എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൌണ്ട് ബാങ്കിൽ തുടങ്ങണം. ബ്ലോക്ക് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി അക്കൌണ്ടിൽ ദൈനംദിന ആവശ്യങ്ങൾക്കായി 2ലക്ഷം രൂപ വരെ മാറ്റിവയ്ക്കേണ്ടതും, 2ലക്ഷത്തിന് മുകളിൽ വരുന്ന തുക ബ്ലോക്ക് പഞ്ചായത്ത് അക്കൌണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. സംഘത്തിൽ മിനിട്സ് ബുക്ക്, പ്രവേശന രജിസ്റ്റർ, രസീത് ബുക്കുകൾ, സ്റ്റോക്ക് രജിസ്റ്റർ, പാസ്ബുക്ക്, ചെക്ക് ബുക്ക്, നിക്ഷേപ രജിസ്റ്റർ, വരവ്-ചെലവ് രജിസ്റ്റർ, മുതലായവ സൂക്ഷിക്കേണ്ടതുമാണ്.

ജൈവഗ്രാമത്തിന്റെ അടിസ്ഥാന സൌകര്യം വിപുലമാക്കുന്നതിനായി 2017-18മുതൽ 2023-24 വരെ ബ്ലോക്ക് പഞ്ചായത്ത് വിവിധ പദ്ധതികളിലായി 75,00,000/-രൂപയിലധികം ചെലവഴിച്ചതായി സെക്രട്ടറി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നു. ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും ജൈവഗ്രാമം വഴിയാണ് നടപ്പിലാക്കുന്നത്. 2023-24 വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി മിനിട്സ് പരിശോധിച്ചതിൽ 29/4/2023, 18/8/2023-തിയതികളിൽ നടന്ന ഭരണസമിതി യോഗങ്ങളിൽ നാളിതുവരെ ജൈവഗ്രാമത്തിന്റെ വരവ് ചെലവ് കണക്കുകൾ ജനറൽ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർയോഗങ്ങളിലും അംഗങ്ങൾ ജൈവഗ്രാമത്തിന്റെ വരവ് ചെലവ് കണക്കുകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും വരവ് ചെലവ് കണക്ക് അവതരിപ്പിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തെ വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ 24/4/2023-കൂടിയ യോഗത്തിൽ ജൈവഗ്രാമത്തിലെ ലേലം ഉൾപ്പടെയുള്ള എല്ലാ നടപടികളും വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടുവെങ്കിലും ആയത് അറിയിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥാപനം ആയതിനാൽ ജൈവഗ്രാമത്തിന്റെ 2017-18മുതലുള്ള വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ്, ജൈവഗ്രാമത്തിന്റെ 2017-18മുതലുള്ള മിനിട്സ് ബുക്ക്, ജൈവഗ്രാമത്തിന്റെ സ്റ്റോക്ക് രജിസ്റ്റർ, ജൈവഗ്രാമത്തിന്റെ ബാങ്ക് പാസ്ബുക്ക്, ജൈവഗ്രാമം 2017-18മുതൽ 2023-24വരെ ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയ തുകയുടെ വിശദവിവരവും, ജൈവഗ്രാമത്തിന്റെ വാർഷിക പൊതുയോഗത്തിൽ വാർഷിക വരവ് ചെലവ് കണക്കുകളും ബാക്കി പത്രവും ബഡ്ജറ്റും അവതരിപ്പിച്ച് പാസാക്കി ആയതിന്റെ ഒരു ശരിപകർപ്പ് ഒപ്പ് രേഖപ്പെടുത്തി 14ദിവസത്തിനകം രജിസ്ട്രാർ ഓഫീസിൽ അയച്ചു നൽകണം എന്ന് ബൈലയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ അപ്രകാരം അയച്ചു നൽകിയതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമാക്കാൻ അന്വേഷണകുറിപ്പ് 8/2024 പ്രകാരം ആവശ്യപ്പെട്ടു. ചാർട്ടേഡ് അക്കൌണ്ടന്റെ് തയ്യാറാക്കിയതും എന്നാൽ ജൈവഗ്രാമത്തിന്റെ പൊതുയോഗത്തിൽ സമർപ്പിച്ച് പാസാക്കാത്ത 2018-19, 2019-20 എന്നീ വർഷങ്ങളിലെ സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് ലഭ്യമാക്കിയത്. ആയതിനാൽ പ്രസ്തുത സ്റ്റേറ്റ്മെന്റുകൾ സ്ഥാപനത്തിന്റെ ശരിയായ വരവ് ചെലവ് പത്രികകളായി പരിഗണിക്കാവുന്നതല്ല. 26/6/2024-ൽ ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ ജൈവഗ്രാമത്തിൽ ആട്, പശു പ്രജനന യൂണിറ്റുകളും, ജൈവവള നിർമ്മാണയൂണിറ്റും, കോഴി ഫാം തുടങ്ങിയവയും പ്രവർത്തിക്കുന്നതായി കണ്ടെത്തി. പ്രാഥമിക പരിശോധനയിൽ തന്നെ സ്ഥാപനത്തിൽ ധാരാളം വരവ് ചെലവുകൾ ഉള്ളതായി ബോധ്യപ്പെട്ടു. മേൽ വിവരിച്ച അപാകങ്ങൾ കാരണം ജൈവഗ്രാമത്തിന്റെ പ്രവർത്തനം സുതാര്യമായി നടക്കുന്നതായി ബോധ്യപ്പെടുന്നില്ല. ജൈവഗ്രാമത്തിന്റെ നാളിതുവരെയുള്ള വരവ് -ചെലവ് കണക്കുകൾ നിയമാനുസൃതം തയ്യാറാക്കി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയിലും, വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിലും അവതരിപ്പിക്കാത്തതിനാലും, അന്വേഷണകുറിപ്പ് 8/2024 പ്രകാരം സ്ഥാപനത്തിന്റെ രേഖകളും മറ്റ് വിവരങ്ങളും ആവശ്യപ്പെട്ടിട്ടും അവ നൽകാത്തതിനാലും, 2022 – 23 വർഷത്തിലെ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് റിപ്പോർട്ടിലും (ഖണ്ഡിക1-29) ജൈവഗ്രാമത്തിന്റെ വരവ് ചെലവ് രേഖകൾ നൽകിയില്ലായെന്ന പരാമർശം ഉള്ളതിനാലും സ്ഥാപനത്തിന്റെ പ്രവർത്തനത്തിൽ ദുരൂഹത ഉള്ളതായി കണക്കാക്കുന്നു. അന്വേഷണകുറിപ്പ് 9/2024പ്രകാരം 2017-18 മുതൽ ജൈവഗ്രാമത്തിന്റെ വാർഷിക വരവ് കണക്കുകൾ ബ്ലോക്ക് പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ലായെങ്കിൽ ആയതിൽമേൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുവെങ്കിലും ബ്ലോക്ക്സെക്രട്ടറിയും മറുപടി നൽകിയില്ല. ആയതിനാൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൈവ സമൃദ്ധി, ജൈവകൃഷി പരിശീലന-സേവന കേന്ദ്രം നെടുമങ്ങാട് എന്ന

സ്ഥാപനത്തിന്റെ 2017- 2018 മുതലുള്ള വരവ് - ചെലവുകൾ പ്രത്യേക ഓഡിറ്റിന് ശിപാർശ ചെയ്യുന്നു.

1-19 ജൈവഗ്രാമത്തിന് അനുവദിച്ച റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

പദ്ധതി നം, പദ്ധതിയുടെ പേര്	6/24, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്- ജൈവ ഗ്രാമം- മൊബൈൽ ചാണക സംസ്കരണ യൂണിറ്റ് തുടർ പ്രവർത്തനം ഫെർട്ടിഗേഷൻ യൂണിറ്റ് പ്രവർത്തന ഫണ്ട് (നൂതന പ്രോജക്ടായി അംഗീകാരം ലഭിച്ചത്)
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ
അടങ്കൽ	400000 (വികസന ഫണ്ട് , പൊതു വിഭാഗം സാധാരണ വിഹിതം)
ചെലവ്	300000
പദ്ധതി ലക്ഷ്യം (പ്രോജക്ട് രൂപീകരണ ഫോറം പ്രകാരം)	ചാണകക്കുഴിയിൽ നിന്നും ചാണകസംസ്കരണ യൂണിറ്റ് നീക്കം ചെയ്ത ചാണകത്തിന്റെ അവശേഷിക്കുന്ന മൂത്രം സ്ലറി എന്നിവ സംഭരിയ്ക്കുന്നു. മൂത്രം സ്ലറി എന്നിവ കാർഷിക ആവശ്യത്തിനുള്ള കൃഷിഭൂമിയിൽ നിശ്ചിത തുക കൈപ്പറ്റി ഡിസ്ചാർജ്ജ് ചെയ്യുന്നു. മാലിന്യ നിർമാർജ്ജനം സാധ്യമാകുന്നു. കൃഷി ഭൂമിയുടെ ജൈവവള ലഭ്യത വർദ്ധിക്കുന്നു. ജൈവഗ്രാമത്തിന് വരുമാന വർദ്ധനവ്, മൊബൈൽ ചാണകസംസ്കരണ യൂണിറ്റിനും ഫെർട്ടിഗേഷൻ യൂണിറ്റിനുമുള്ള റിവോൾവിംഗ് ഫണ്ട് നൽകുക. നേരിട്ട് ശേഖരിച്ച ഗോമൂത്രം ഫിൽറ്റർ ചെയ്ത് മുല്യ വർദ്ധനവ് നടത്തി വിതരണം ചെയ്യുന്നു. സ്ലറി, ഗോമൂത്രം , യൂസർഫീ എന്നിവയിലൂടെ പ്രവർത്തന ഫണ്ട് കണ്ടെത്തുന്നു. ചാണക സംസ്കരണ യൂണിറ്റിന്റെ തുടക്കത്തിലുള്ള പ്രവർത്തനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും ഫണ്ട് വിനിയോഗിക്കുന്നു. ഈ ഫണ്ട് ടി യൂണിറ്റിന്റെ പ്രവർത്തന മികവിൽ റിവോൾവിംഗ് ഫണ്ടായി മാറുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥനായ ക്ഷീര വികസന ഓഫീസർ , ജൈവഗ്രാമം കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൌണ്ടിൽ കൂടി റിവോൾവിംഗ് ഫണ്ട് തുക കൈകാര്യം ചെയ്യുന്നതാണ്.

മേൽ പദ്ധതി പ്രകാരം മൊബൈൽ ചാണകസംസ്കരണ യൂണിറ്റിനും ഫെർട്ടിഗേഷൻ യൂണിറ്റിനുമുള്ള റിവോൾവിംഗ് ഫണ്ടായി 2 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ജൈവഗ്രാമം- ജൈവകൃഷി പരിശീലന സേവന കേന്ദ്രം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.(പദ്ധതിയുടെ ആകെ ചെലവ് 3 ലക്ഷം രൂപയാണ്. അവശേഷിയ്ക്കുന്ന 1 ലക്ഷം രൂപ ഫെർട്ടിഗേഷൻ യൂണിറ്റിനായി ചെലവഴിച്ചു). മൊബൈൽ ചാണക സംസ്കരണ യൂണിറ്റ് - ഫെർട്ടിഗേഷൻ യൂണിറ്റ് എന്നിവ ആരംഭ ഘട്ടത്തിൽ തടസ്സം കൂടാതെ പ്രവർത്തിക്കുന്നതിന് വേണ്ടിയാണ് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിരിയ്ക്കുന്നത്. ക്ഷീര വികസന ഓഫീസർ, ജൈവഗ്രാമം കൺവീനർ, ചെയർമാൻ എന്നിവരുടെ പേരിലുള്ള സംയുക്ത അക്കൌണ്ടിലേയ്ക്കാണ് പണം നൽകിയത്. എന്നാൽ സംയുക്ത ബാങ്ക് അക്കൌണ്ടിലെ നീക്കിയിരിപ്പ് കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിനും പ്രസ്തുത അക്കൗണ്ടിലെ ചെലവ് നിരീക്ഷിക്കുന്നതിനും സ്ഥാപനവുമായി ഏർപ്പെട്ട കരാറിലോ മറ്റ് രേഖകളിലോ വ്യവസ്ഥ ചെയ്തിട്ടില്ല. ഈ ആവശ്യത്തിനായി പ്രത്യേകം സമിതിയെ നിയോഗിച്ചിട്ടുണ്ടെങ്കിലോ നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിലോ മറ്റ് മാർഗ്ഗങ്ങൾ അവലംബിച്ചിട്ടുണ്ടെങ്കിലോ ബന്ധപ്പെട്ട ഭരണസമിതി തീരുമാനം, അനുബന്ധ രേഖകൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 18 ന്, നൂതന പദ്ധതിയായി അംഗീകാരം ലഭിച്ചപ്പോൾ റിവോൾവിംഗ് ഫണ്ട് പ്രവർത്തിപ്പിക്കേണ്ടതിനുള്ള നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ജൈവഗ്രാമം ചെയർമാൻ ഉൾപ്പെടുന്ന പ്രത്യേക അക്കൗണ്ട് വഴിയാണ് തുക കൈകാര്യം ചെയ്യുന്നതെന്നും മാത്രം മറുപടി ലഭ്യമാക്കി.

ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തിനായി മാതൃകാപരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് ജൈവഗ്രാമം- ജൈവകൃഷി പരിശീലന സേവന കേന്ദ്രം. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണെങ്കിലും ടി സ്ഥാപനത്തിന്റെ പ്രവർത്തനം ഒട്ടും

സുതാര്യമായ രീതിയിലല്ല നടന്നുവരുന്നത്. സ്ഥാപനവുമായി ബന്ധപ്പെട്ട വരവ്- ചെലവ് കണക്കുകൾ വെളിപ്പെടുത്താത്തതിന് വിവിധ ഭരണ സമിതി യോഗങ്ങളിൽ വിമർശനം ഉയർന്നിട്ടുള്ളതാണ്. (ഉദാ. 29-04-2023 ലെ ഭരണസമിതി യോഗം,14-08-2023 ലെ ഭരണ സമിതി യോഗം). കൂടാതെ, മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും ജൈവഗ്രാമത്തിന്റെ വരവ്- ചെലവ് കണക്കുകൾ ഓഡിറ്റിങ്ങിന് വിധേയമാക്കാത്തത് ചൂണ്ടി കാട്ടിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ വഴി ജൈവഗ്രാമത്തിന് ഓരോ വർഷവും തുകകൾ കൈമാറി വരുന്നു. എന്നിട്ടും ടി സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയെയോ ഭരണസമിതിയോ പരിശോധിക്കാൻ അനുവദിയ്ക്കാത്തതിനും കണക്കുകൾ കൃത്യമായി ഓഡിറ്റിംഗിന് വിധേയമാക്കാത്തതിനും വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല. ഇക്കാരണങ്ങളാൽ ചാണകസംസ്കരണ യൂണിറ്റിന്റെയും ഫെർട്ടിഗേഷൻ യൂണിറ്റിന്റെയും പ്രവർത്തനത്തിനായി കൈമാറിയ തുക പ്രസ്തുത ആവശ്യത്തിനായി മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതിന്റെയും റിവോൾവിംഗ് ഫണ്ടിന്റെ നീക്കിയിരിപ്പ് കൃത്യമായ ഇടവേളകളിൽ നിരീക്ഷിക്കേണ്ടതിന്റെയും അവശ്യത നിലനിൽക്കുന്നു. ഭരണ സമിതിയുടെയും വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റിയുടെയും ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു. റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗവും നീക്കിയിരിപ്പും നിരീക്ഷിയ്ക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ച് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിയ്ക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-2 നിക്ഷേപ പ്രവൃത്തികളുടെ വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള	92/ സമഗ്ര	1413000	-	1413000

വാട്ടർ അതോറിറ്റി	കുടിവെള്ള പദ്ധതി			

വാർഷിക ധനകാര്യ പത്രിക പ്രകാരം

സ്ഥാപനം	മുന്നിരിപ്പ്	നിക്ഷേപം	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	നീക്കിയിരിപ്പ്	വാർഷിക ധനകാര്യ പത്രിക പ്രകാരം നീക്കിയിരിപ്പ്
കേരള വാട്ടർ അതോറിറ്റി	8405029	1413000	9818029	-	9818029	6722729

തൻ വർഷം ലഭ്യമായ വിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. നീക്കിയിരിപ്പിന്റെ വ്യത്യാസം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-5 സ്ഥിര നിക്ഷേപം

FD നമ്പർ	തുക	മെച്യൂരിറ്റി തീയതി
0011623/29.04.2020	25,00,000/-	29.04.2025
0020108/22.06.2020	26,53,905/-	22.06.2024
0020203/12.08.2020	25,00,000/-	22.08.2024
0020210/20.08.2020	6,50,000/-	21.08.2024
0028178/04.10.2021	26,45,000/-	04.10.2024
0030823/09.11.2022	25,50,000/-	09.11.2024
0030821/09.11.2022	5,00,000/-	09.11.2024
0030850/22.11.2022	45,00,000/-	22.11.2024
000664/19.03.2024	5,00,000/-	19.12.2026

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	5603313
ഓഡിറ്റ് വർഷത്തെ വരവ്	62637345
ഓഡിറ്റ് വർഷത്തെ ചെലവ്	59188420
നീക്കിയിരിപ്പ്	9052238
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/	ഇല്ല

ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	199964

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	1,99,964/-	ശ്രീ. സുരേഷ് കുമാർ.കെ.എസ്, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-18, 1-19

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. സുരേഷ് കുമാർ. കെ.എസ് , സെക്രട്ടറി	നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്, നെടുമങ്ങാട്	തിരുവാതിര, ആർ.എൽ.ആർ.എ-215 ആയൂർകോണം, പേരൂർക്കട. പി.ഒ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2005-06	കെ.എസ്.എ.റ്റി.വി.എം./ ബി.പി.1/2047/2022 തീയതി 19.11.2022	2
2006-07		7
2007-08		6
2008-09		3
2009-10		1
2010-11		4

ഓഡിറ്റ് വർഷം	ഓഡിറ്റ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2012-13		1
2013-14		4
2016-17		4
2017-18		1
2018-19	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1802/2019 തീയതി 03.10.2019	24
2019-20	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/267/2022 തീയതി 22.03.2022	17
2020-21	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/629/2022 തീയതി 01.06.2022	28
2021-22	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/2259/2022തീയതി 23.03.2023	25
2022-23	കെ.എസ്.എ.റ്റി.വി.എം./ബി.പി.1/1097/2023തീയതി 12.03.2024	17

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 2/2 dated 2/2 dated 10-05-2024 and submitted on 25-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Nedumangadu Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Nedumangadu Block Panchayat as on 31-03-2024

Date: 07/10/2024 **Joint Director**

Kerala State Audit Department

Audit Report appended to the Audit Certificate of Nedumangadu Block Panchayat for the Year 2023-2024.

1.Major Observations

2.Other Observations

1)The mandatory Financial Statements prescribed in Accounting Rules are not submitted for audit, eg- Ratios

2) In the cash flow statement Net increase in cash and cash equivalence(3448925/-)does not match with Net cash generated by Operating + investing + Financing Activity(2279425/-).

3) The amount recorded in the Balance sheet B9, other liabilities such as VAT, Revenue Recovery, Refund of unutilised grants of Prior period, is as same as that of previous year.
The amount available in previous years has not been paid till date.

4) Fund received for join venture projects have not been spend.

5)Various registers, such as Advance register and Deposit work register are not being properly maintained .

6)Deposits over 3 years old remain unforfeited.

7)The actual expenditure of CFC funds (tied& untied) shown in the AFS differs from the amount shown in the ACR and grant statements.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്